# AFF NEWS LETTER

(Sponsored by Alunkal Family Fellowship, Kandanad (Reg. No. ER 184/08)
www.alunkal.com
(For private circulation among the members only)

**Vol. 8, No. 1** **March 2016**


*Presidential column:*
<u>Help our families grow healthier</u>

It is 8 years since we started this Newsletter (earlier, Bulletin) as a family mouth-piece. It is your interest that fuels its growth. Last year, this time, we prepared a special edition commemorating the blessed visit of the Patriarch of Antioch and His holiness's rare and privileged meeting with the members of our Fellowship. I am proud to state that our effort in chronicling, serializing and webcasting our activities have made this Fellowship one among the best. On this occasion, I thank all our families and members of the Editorial Board for their unstinted, skilled and painstaking effort to make this endeavor an ongoing success.

We have had our16th family get-together last month. Many of the features appearing in this edition highlight the important events that most of you have already witnessed, on and off the stage. We solicit your feedback on that event.
On this occasion, I also wish to focus your attention on the unbridled growth of our social media, overtaking all priorities of family life. This trend is also bound to adversely affect our social life in the long run. Virtual relationship is no substitute for the real. The more we travel into an unreal world, the more we alienate ourselves from our family and the society. Unbridled use of social media disables our original faculties. I wish all parents and children understand this and help our families grow healthier. A.C. Paul

***എഡിറ്റോറിയൽ***

AFF ന്യൂസ് ലെറ്റർ 8 വർഷം പിന്നിട്ടിരിക്കുകയാണ്. നിങ്ങൾ ഓരോരുത്തരുടേയും പ്രത്യേക താല്പര്യവും സഹകരണവുമാണ് ഈ സംരംഭത്തിന്റെ പ്രേരക ശക്തി. കഴിഞ്ഞ വർഷം ഇതെ മാസത്തിൽ പ: പാത്രിയാർക്കീസ് ബാവയുടെ മലങ്കര സന്ദർശനവും നമ്മുടെ കുടുംബാംഗങ്ങൾ പരിശുദ്ധ പിതാവിൽ നിന്ന് നേടിയ അനുഗ്രഹവും ഒരു വിശേഷാൽ പതിപ്പായി നിങ്ങളുടെ കൈകളിൽ എത്തിച്ചിട്ടുണ്ട്. കുടുംബ വാർത്തകളും വിശേഷങ്ങളും ശേഖരിക്കുന്നതിനും അവയെ അനുസൃതമായി കുടുംബാംഗങ്ങളിൽ എത്തിക്കുന്നിനും ഈ സംരംഭം മികവ് പുലർത്തിയിട്ടുണ്ട്. ഇതിന്റെ പിന്നിൽപ്രവർത്തിക്കുന്ന എല്ലാ സഹപ്രവർത്തകരേയും ഞാൻ ഈയവസരത്തിൽ അഭിനന്ദിക്കുന്നു.

നമ്മുടെ 16–ാം കുടുംബ വാർഷികം കഴിഞ്ഞ മാസമായിരുന്നുവല്ലൊ. നിങ്ങൾ നേരിട്ട് കാണുകയും പങ്കെടുക്കുകയും വിലയിരുത്തുകയും ചെയ്തകാര്യങ്ങളാണ് ഈലക്കത്തിൽ കൂടുതലായും പരാമർശിക്കുന്നത്. ഇതേക്കുറിച്ചുള്ള നിങ്ങളുടെ വിലയിരുത്തലുകളും പ്രതീക്ഷിക്കുന്നു.

ഈയവസരത്തിൽ നമ്മുടെ സമൂഹത്തിൽ ഒരു തരംഗമായി രൂപാന്തരപ്പെട്ടിരിക്കുന്ന സമൂഹ മാദ്ധ്യമങ്ങളെ (Electronic Media)പ്പറ്റിയും രണ്ടു വാക്ക്. അനിയന്ത്രിതമായി വളർന്നുപന്തലിക്കുന്ന ഈ പ്രവണത കുടുംബ - സാമൂഹ്യ ബന്ധങ്ങളെ സ്വാധീനിക്കുമെന്നതിൽ തർക്കമില്ല. വെറും നിഴലുകളിൽ നിലനിൽക്കുന്ന ഇത്തരം കൂട്ടായ്മകൾ വ്യക്തിബന്ധങ്ങൾക്ക് പകരമാകുവാൻ കഴിവുള്ളതല്ല. ഇത്തരം നിഴലുകളിലൂടെയുള്ള യാത്ര കുടുംബത്തിൽനിന്നും സമുഹത്തിൽനിന്നും നമ്മെ അകറ്റുന്നു. നവമാദ്ധ്യമങ്ങളുടെ അമിതമായ ഉപയോഗം സ്വതസിദ്ധമായ കഴിവുകളെ വികലമാക്കുകയും മാനസ്സീക അടിമത്വത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. മാതാപിതാക്കളും കുട്ടികളും ഇത് മനസ്സിലാക്കി ആരോഗ്യകരമായ വ്യക്തിത്വ വികസനത്തിന് ശ്രമിക്കേണ്ടതാണ്.

## Family Meet 2016

*(Brief report)*
The 16th Annual Meet of our Fellowship was celebrated on 7th February 2016. The venue was the Rotary Club hall at Mulanthuruthy. Families started arriving at the meeting venue by 11 AM. All the registered participants were provided with the Malayalam copy of the updated history of Kandanad, prepared by

Ms. Sanuba Kurian. Sports events started first, followed by lunch and family get-together. Thereafter, everyone relaxed in the conference hall to witness the display of artistic talents of our children. Group dances, solo performance, music rendition, etc added variety and spice to the whole programme. Formal meeting, inaugurated by our Patron Thirumeni, H.G. Mathews Mor Evanious started at 3 pm. Dr. A.C. Paul presided over the meeting. Rev. Fr. Shaji Meppadath, Vicar St. Mary's Cathedral Kandanad and Mr. Thambu George Thukalan, Secretary of the laity to the Malankara Jacobite Syrian Church, were the Chief Guests on the occasion.

After the prayer, memorial homage was offered by Ms Sheeba Saji. Welcome speech was rendered by Mr. Elias Abraham. Aims and objectives of the Fellowship and the dedicated work of its Office Bearers were highlighted in his presentation. Lighting the traditional lamp, Thirumeni blessed the Meet and delivered the inaugural address. Thirumeni appreciated the creative role of the Fellowship in forging family ties and undertaking a wide range of activities from heritage to charity. Thirumeni also briefed his recent mission at Pambakkuda, where an orphanage was coming up to shelter and rehabilitate disabled and orphaned children. Dr. Paul, in his presidential address, briefly mentioned about the revision of the Family History in the light of the new evidences from authentic sources. According to the latest information the history of our family at Kandanad dates back by about a century. He also eulogized the hard work by all colleagues and the support of family members in making the Fellowship a vibrant entity, after its token beginning in 1995. Dr. Paul then handed over the donation, received on behalf of the orphanage from members of Alunkal family belonging to the Kandanad diocese, to Rev. Fr. Shaji Meppadath, who in turn presented the same to Thirumeni.

Mr. Thambu George, delivering the 11th "A. M. Thomas Memorial Lecture", outlined the unique work and achievements of the late veteran leader. Mr. Thambu narrated the yeoman achievements of our founder President as a man of the masses who was primarily responsible for ensuring food security in the country. Mr. Thambu also recalled the role played by Mr. Thomas to bring about peace and unity in our Church.

Smt. Lilly Varghese, Gen. Secretary, presented the Annual Progress Report 2015, highlighting the various programmes and activities of the Fellowship. Mr. Paul Mathew, Treasurer, presented the audit report, detailing the income/expenditure during 2015. The submissions were unanimously approved by the General Body and were declared passed.
The serious proceedings of the meet were spiced up with soulful rendering of popular songs by our members and children. Outstanding among the recitals was a classic hit of late Mohammed Raafi, brilliantly rendered with its full nuance by our gifted vocalist, Dr. Mohan George.

Mr. M.P James, Mutharil served as Election Officer to elect the Office Bearers for 2016. The meeting unanimously approved the 20 member panel. Prizes, Endowments, prizes and luck-dip followed.

Mr. Sherin Baby proposed vote of thanks and the Meet was declared closed at 5.30 pm. The first meeting of the new Office Bearers followed.

**16-ാമത് വാർഷിക യോഗം**

*സാനുബകുര്യൻ*

07-02-2016 രാവിലെ 11 മണിയോടെ ആരംഭിച്ച രജിസ്ട്രേഷനും തുടർന്ന് പ്രായഭേദമെന്യെ നടന്ന കായിക മത്സരങ്ങളും കുടുംബാംഗങ്ങളിൽ പുത്തൻ ഉണർവേകി. രണ്ടു വയസ്സുകാരിമുതൽ മുതിർന്ന ആളുകൾ വരെ പങ്കെടുത്ത വിവിധ ഇനങ്ങൾ സംഘടിപ്പിച്ചതിൽ അവിര വർഗീസ്, ലില്ലി വർഗീസ്, പോൾമാത്യു, അരുൺ, മോൺസി, ഷീബ എന്നിവർ പ്രത്യേക പ്രശംസ അർഹിക്കുന്നു.

ഉച്ചഭക്ഷണത്തെ തുടർന്ന് 2 മണിയോടെ പൊതുസമ്മേളനം ആരംഭിച്ചു. പ്രാർത്ഥന, അനുസ്മരണാനന്തരം ശ്രീ ഏലിയാസ് അബ്രഹാം സ്വാഗത പ്രസംഗം നിർവ്വഹിച്ചു. AFF പ്രസിഡണ്ട് ഡോ. എ. സി. പോൾ അദ്ധ്യക്ഷത വഹിച്ചു. ചേട്ടന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ AFF 20 വർഷം പൂർത്തിയാക്കുന്ന ഈ അവസരത്തിൽ വളരെയധികം കാര്യങ്ങൾ ചെയ്തുതീർക്കുവാൻ സാധിച്ചതിൽ ചാരിതാർത്ഥ്യം ഉണ്ടെന്നറിയിച്ചു. അതിനായി പരിശ്രമിക്കുന്ന കുടുംബാംഗങ്ങളെ പേരെടുത്തുപറഞ്ഞ് അനുമോദിക്കുകയുണ്ടായി. കൂടാതെ കണ്ടനാടിന്റെ പൈതൃകവും ചരിത്രവും ഉൾക്കൊള്ളുന്ന ഒരു രേഖ അച്ച

ടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞതിലുള്ള സന്തോഷവും പങ്കുവച്ചു.

അഭിവന്ദ്യ തിരുമേനി എത്തിച്ചേർന്നതോടെ യോഗത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നിലവിളക്കുകൊളുത്തി നിർവ്വഹിച്ചു. തിരുമേനിയുടെ പ്രസംഗത്തിൽ പാമ്പാക്കുട പണിയാനുദ്ദേശിക്കുന്ന അഗതിമന്ദിരത്തെ പരാമർശിച്ച് സംസാരിച്ചു. ഇതിനുവേണ്ടി കുടുംബാംഗങ്ങളിൽനിന്നും സമാഹരിച്ച 75,000/- രൂപ ബഹുമാനപ്പെട്ട വികാരി റ. ഫാദർ ഷാജി മേപ്പാടത്തിനെ ഏല്പിച്ചത് തിരുമേനിക്ക് കൈമാറി.

ശ്രീ എ.എം. തോമസ് അനുസ്മരണ പ്രസംഗം സഭയുടെ ട്രസ്റ്റി ശ്രീ തമ്പു ജോർജ്ജ് തുകലൻ നിർവ്വഹിച്ചു. വല്യേട്ടന്റെ അപദാനങ്ങൾ വസ്തുനിഷ്ടാപരമായും അനുക്രമമായും ശ്രീ തമ്പു വിവരിച്ചു പറഞ്ഞു.

വിവിധ കലാപരിപാടികൾ സ്റ്റേജിൽ അവതരിപ്പിക്കപ്പെട്ടു. ജനറൽ സെക്രട്ടറി ശ്രീമതി ലില്ലി വർഗീസ് റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ശ്രീ പോൾമാത്യു വരവുചിലവു കണക്കുകളും ബാലൻസ് ഷീറ്റും അവതരിപ്പിച്ചു. രണ്ടും ഐകകണ്ഠ്യേന പാസ്സാക്കി. തുടർന്ന് പുതിയ വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മറ്റിയെ തെരഞ്ഞെടുത്തു. അവതാരകരായ ശ്രീ മോഹൻദാസും, ഷീബാസജിയും അഭിനന്ദനം അർഹിക്കുന്നു.

ചായസൽക്കാരത്തോടെ ഏകദേശം 5.30 മണിക്ക് യോഗം സമംഗളം പര്യവസാനിച്ചു.

## വിദ്യാഭ്യാസം നൂറുമേനി വിളയിക്കാൻ
## സബിതഷെറിൻ

കുട്ടികളെ സംബന്ധിച്ച് സമൂഹത്തിനുള്ള പ്രതീക്ഷകൾ ലോകമെമ്പാടും ഏകദേശം ഒരുപോലെയാണ്. അവർ നല്ലവരായി വളരണം, അവരുടെ കഴിവുകൾ കണ്ടെത്തണം, വികസിപ്പിക്കണം, സമൂഹനൻമക്ക് ഉതകണം, ലക്ഷ്യങ്ങളും വഴികളും തമ്മിൽ പൊരുത്തമുണ്ടാകണം. സഹജീവികളോടും, പ്രകൃതിയോടു തന്നെയും ഇണങ്ങിയും സഹകരിച്ചും ജീവിക്കാനാണ് നാം അവരെ പഠിപ്പിക്കേണ്ടത്.

നമ്മുടെ സ്കൂളുകളിലും, കോളേജുകളിലും നടക്കുന്ന വിദ്യാഭ്യാസ പ്രക്രിയകളിൽ കുട്ടികളുടെ മനസ്സിന്റെ വികാസത്തിനാണ് പ്രാധാന്യം നൽകേണ്ടത്. മനസിനു മുകളിൽ മാർക്ക്, ഹൃദയതാളത്തിനു മുകളിൽ യന്ത്രതാളം, നിനക്ക് മേലേ ഞാൻ-ഇതല്ലേ പൊതുവേ നോക്കിയാൽ ഇന്നത്തെ അവസ്ഥ. ഇവിടെ പങ്കുവയ്ക്കൽ അപ്രധാനമാകുന്നു. സഹകരണത്തിന് പ്രസക്തിയില്ലാതാകുന്നു. വിജയമാണ് പ്രധാനം. ഇവിടെ തകരാറിലാകുന്നത് കുട്ടികളുടെ നൈസ്സർഗ്ഗീകമായ പഠനാഭിമുഖ്യമാണ്.

ഇതിനാണ് മാറ്റം വരേണ്ടത്. മത്സരിപ്പിച്ചല്ല നാം കുട്ടികളെ വളർത്തേണ്ടത്. സഹകരിപ്പിച്ചാണ്. കുട്ടികൾ മത്സരിക്കുന്നു. അവരുടെ പിറകിൽ ഒളിഞ്ഞിരുന്നുകൊണ്ട് രക്ഷിതാക്കളും മത്സരിക്കുന്നു. അതിനനുസരിച്ച് കുട്ടികളുടേയും രക്ഷിതാക്കളുടേയും മാനസിക സമ്മർദ്ദവും വർദ്ധിക്കുന്നു. ചിലകുട്ടികളിൽ ഇത് വിഷാദം പോലെയുള്ള മനോരോഗങ്ങളിലേയ്ക്ക് വഴിതെളിക്കുന്നു.

മറ്റുള്ളവരെ തോൽപ്പിച്ച് പഠിക്കണം, ജയിക്കാൻ പഠിക്കണം എന്നൊക്കെയുള്ളിടത്ത് 'വളരാൻ വേണ്ടി പഠിക്കണം' എന്നു വരണം. ഒന്നാമനാകുന്നതിനെക്കാൾ ത്രില്ല് സ്വന്തം കഴിവുകൾ കണ്ടെത്തുന്നതിലും സാക്ഷാത്കരിക്കുന്നതിലും ഉണ്ടെന്ന് വരണം. ഒറ്റയ്ക്കൊറ്റയ്ക്ക് ജീവിച്ച് രക്ഷപെടാൻ തക്കവണ്ണമല്ല മനുഷ്യൻ രൂപകല്പനചെയ്യപ്പെട്ടിട്ടുള്ളതെന്ന തിരിച്ചറിവ് ഇവിടെ പ്രധാനമാണ്. ഒന്നിച്ചായിരിക്കുമ്പോൾ ഓരോരുത്തരും കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നു.

കുട്ടികളോടൊത്ത് സമയം ചിലവഴിക്കുന്ന അദ്ധ്യാപകർക്കും കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ വലിയ പങ്ക് വഹിക്കാനുണ്ട്. കുട്ടികൾ പഠിപ്പിക്കലിന്റെ 'ഇര' ആകാൻ പാടില്ല. കുട്ടികളുടെ തലച്ചോറിൽ കുറെ പാഠഭാഗങ്ങൾ കുത്തിനിറച്ച് അവരെ പരീക്ഷക്കിരുത്തി വിജയിപ്പിക്കുന്നതല്ല വിദ്യാഭ്യാസം. അവരുടെ മാനസീകവും, വൈകാരികവും, സാമൂഹികവുമായ ഉൾപ്പെടലിലൂടെയാണ് യഥാർത്ഥ വിദ്യാഭ്യാസം സംഭവിക്കേണ്ടത്. യഥാർത്ഥ വിദ്യാഭ്യാസം സംഭവിക്കുന്നിടത്ത് അദ്ധ്യാപകൻ 'ഫസിലിറ്റേറ്റർ' ആകുന്നു. കുട്ടികൾക്ക് വളർച്ച ഉണ്ടാകുവാനുള്ള സാഹചര്യമൊരുക്കുന്നയാൾ എന്നർത്ഥം. സാഹചര്യം അനുകൂലമാണെങ്കിൽ ഏതുമൊട്ടും വിരിയും. ഈസാഹചര്യം ഒരുക്കിക്കൊടുക്കലാണ് മാതാപിതാക്കളുടേയും അദ്ധ്യാപകരുടെയും കടമ.

അതിന് അവർ സ്വയം മാതൃകയാവേണ്ടതുണ്ട്. ശരിയായ വഴിയിൽക്കൂടി സഞ്ചരിക്കുന്നവർക്കേ - ശരിയായ വഴികാട്ടിയാകാനാവൂ. അതുകൊണ്ട് ഒരു നല്ല മാതൃകയാവാൻ അദ്ധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കണം.

ജീവത്സന്ധാരണത്തിന് പ്രാപ്തനാക്കുക എന്നത് മാത്രമല്ല വിദ്യാഭ്യാസം, മറിച്ച് ജീവിക്കാൻ പഠിപ്പിക്കുക എന്നത് കൂടിയാണ്. ആഗോളവത്ക്കരണത്തിന്റേയും വേഗത്തിലുള്ള സാമ്പത്തിക വളർച്ചയുടെയും ഈ കാലത്ത്, ധന സമ്പാദനത്തിന് ധാരാളം അവസരങ്ങൾ നമുക്കുണ്ട്. എന്നാൽ നമ്മിൽ അന്തർലീനമായ കഴിവുകളെ തിരിച്ചറിഞ്ഞ് സംതൃപ്തമായ ഒരു ജീവിതം സാധ്യമാക്കാൻ എത്രപേർക്കാണ് സാധിക്കുന്നത്? ഇവിടെയാണ് ശരിയായ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം. രാജ്യത്തിന്റെ പരീക്ഷണശാലകളാവണം ക്ലാസ് മുറികൾ. അവിടെ നാം കാംക്ഷിക്കുന്ന തരത്തിലുള്ള ഒരു സമൂഹത്തെ വാർത്തെടുക്കണം. വിദ്യാർത്ഥികൾക്ക് അറിവ് നിർമ്മാണത്തിന് ഉതകുന്ന തരത്തിലാകണം വിദ്യാലയങ്ങൾ. വിദ്യാർത്ഥികൾ അവരുടെ സ്വതസിദ്ധമായ കഴിവുകൾ പൂർണ്ണമായി പ്രകടിപ്പിക്കുന്നതിന് ആവശ്യമായ സ്വാതന്ത്ര്യം അദ്ധ്യാപകൻ നൽകേണ്ടതാണ്. വിമർശനാത്മക ചിന്തയും, സഹജീവികളോടുള്ള അനുഭാവവും, മൂല്യബോധവും കുട്ടികളിൽ വളരേണ്ടത് ആവശ്യമാണ്. അതിനായി അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ഒരുമിച്ച് ശ്രമിക്കണം.

*Science and spirituality:*

**Discovery of gravitational waves**

The recent discovery of gravitational ripples is epoch making as it adds the 4th dimension to our understanding of space-time continuum. This scientific discovery has been in the waiting since Dr. Albert Eisenstein predicted the same 100 years ago. The epoch making discovery brings us a bit closer to the cosmic consciousness governed by the Almighty. As I have earlier observed, in these columns, all the true discoveries related to nature unveil the ultimate Truth as foretold in our Scriptures. God has given us intelligence, power and the potential to interpret the nature and the times. The recent discovery merges time with gravity in space and has immense potential to further enrich our knowledge of the universe. This small step brings us a little more close to the cosmic Consciousness

**ANNUAL MEET 2016**

a) കായിക മത്സര വിജയികൾ :
മിഠായി പെറുക്കൽ (ജൂനിയേഴ്സ്)
ഡിയൊൺ എൽദോ, എസക്കിയേൽ
മേഘന ജോബ്സി, ശലോമിഷെറിൻ (സീനിയർ)

b) Musical Chair (Female) :
എസക്കിയേൽ, ഡിയൊൺഎൽദോ (കിഡ്സ്)
നൈനജോബ്സി, അൻസ (ജൂനിയർ)

ലേഡീസ് (ജൂനിയർ) :
അശ്വതി ജിനു, ദീപ്തി ജിജോ

ലേഡീസ് (സിനിയർ) :
മറിയാമ്മ ജോർജ്ജ്, അമ്മിണി അബ്രഹാം.

ജെന്റ്സ് :
ശലോമോൻ ഷെറിൻ, എൽദോ പോൾ

ജെന്റ്സ് (സീനിയർ) :
മോഹൻദാസ്, ഡോ. സുരേഷ്

കലാപരിപാടികളിൽ പങ്കെടുത്തവർ

സോളോ ഡാൻസ് -
മേഘനജോബ്സി, നൈനജോബ്സി, എസക്കിയേൽ ജിജൊ, ബേബി ദിയ വിജയ്

ഗ്രൂപ്പ് ഡാൻസ് -
അനുസാജു, അലിൻഡസാജു, അൻസുസാബു

സോളോ സോംഗ്സ് :
എബൻസാബു, അലിൻഡ സാജു, സാജു ജോൺ, ഹൃദ്യസുരേഷ്, നൈനജോബ്സി, ഏഞ്ചൽമരിയ, ഇഷസാറഅജി, അധീന, മോളി ഫിലിപ്പ്, ആബേൽ, എസക്കിയേൽ, ഡോ. മോഹൻ ജോർജ്ജ്

സംഘഗാനം :
സജി, ഷീബ, സാജു, സോമി, അനു, അലിൻഡ, സാബു, സെലീന, എബൻ, അൻസു, വിനോയ്, ബേബി, ഏലിയാസ്, സുജ, വർഗീസ്

ലക്കിഡിപ്പിന് അർഹരായവർ :
സജിജോൺ, കെ. പി. പൗലൂസ്, അവിര വർഗീസ്

**Endowments**

Educational Endowments
CBSE( X) A.I. Kurian Prize -
Ashil Mathew Shaji

Plus 2 : Anu S. Alunkal

Rev. Fr. A.V. Abraham Memorial Educational Endowments

1. Nikhil T.S. II Std. JBSKandanad (Cash Award)
2. Ram Madhan III Std - do -
3. Adeena Jusin IV Std - do – (Cash Award and Shield)
4. Laijesh C.K. X Std St. Mary's HS Kandanad (Cash Award and Shield)

A.M. Thomas memorial Cash Award and Shield
Sneha Sabu – Govt. HS Kadungamangalam
(SSLC Topper 2015)

Endowments are instituted in the memory of the following departed souls.

Re. Fr. A.V. Abraham, Mr. A.M. Thomas, Mr. A.A. Avira, Mrs. Kunjamma Abraham, Mrs. Saramma Varghese, Mr. A.I. Kurian, Mrs. Lovely Paul, Mr. A.V. Mathai, Mrs. Saramma Kurian.

## ***AFF DIARY***

**1. WEDDING**

Adv. C.K. Varghesekutty – Prof. Simila ദമ്പതികളുടെ മകൾ അനു വർഗീസും കാക്കനാട് പട്ടേരിപ്പുരയ്ക്കൽ Mr. Kuriakose – Mrs. Raji Kuriakose ദമ്പതികളുടെ മകൻ ജോസഫ് കുര്യാക്കോസും തമ്മിലുള്ള വിവാഹം 24–08–2015ന് പടമുകൾ St. John's Baptist Churchൽനടന്നു. നവദമ്പതികൾക്ക് ഫെല്ലോഷിപ്പിന്റെ വിവാഹാശംസകൾ

**2. ജനനം**

–ശ്രീ അനിൽഫിലിപ്പ് – ശ്രീമതി മിനുഅനിൽ ദമ്പതികൾക്ക് 31.10.2015ൽ ഒരു മകനും, മകളും ജനിച്ചു.

–ശ്രീ അജി ഫിലിപ്പ് – ശ്രീമതി തുളസ്സി അജി ദമ്പതികൾക്ക് 23–12–2015ൽ ഒരു മകൻ ജനിച്ചു.

–ശ്രീ അനൂപ്പോൾ – ഡോ. ഐസ്‌ലി അനൂപ് ദമ്പതികൾക്ക് 16.08.2015ൽ ഒരു മകൾ ജനിച്ചു.

നവജാത ശിശുക്കൾക്ക് എല്ലാ ആയുരാരോഗ്യങ്ങളും നേരുന്നു.

**3. Award**

2014-15 ലെ എറണാകുളം ജില്ലയിൽ "Most Duty Conscious Award" Dr. Susan Jamesന് ലഭിച്ചു. ഹാർദ്ദവമായ അനുമോദനങ്ങൾ

4. Dr. G. Mohan Madhavamangalam was honoured as the State Convener, Mass Communication of the Indian Medical Association, Kerala Chapter. – Congratulations!

5. Dr. Suresh Mathew visited the Rzeshow University of Poland during November 2015 in connection with an Indo-Polish Collaborative Research Programme.

6. Dr. A.C. Paul was the Chief Guest at the Annual Day celebrations of TGM High School, Vaikom. On the occasion he released the science book titled "Wolfia Angusta" prepared by the Science faculty of the school.

7. Patron Membership
Dr. Biju Thomas, Mohandas, Sanuba Kurian and Elias Abraham എന്നിവർ AFFന്റെ പുതിയ പ്രേട്രൺ മെംബർ മാരായി. AFF ന് നൽകിയ പിൻതുണയ്ക്ക് നന്ദിരേഖപ്പെടുത്തുന്നു.

**Donors - Annual Day Celebration 07/02/2016**

| | | |
|---|---|---|
| 1 | Sri. Jobsy Thomas | 1000 |
| 2 | Prof. A.V. Paul | 1000 |
| 3 | Smt. Sosamma Mathai | 500 |
| 4 | Dr. A.C. Paul | 1000 |
| 5 | Smt. Moly Philip | 1000 |
| 6 | Sri. Saji John | 500 |
| 7 | Sri. A.M. Yohannan | 250 |
| 8 | Sri. Paul Mathew | 500 |
| 9 | Sri. Chacko A. Alunkal | 1500 |
| 10 | Sri. Thambi Varghese | 200 |
| 11 | Smt. Achamma Kurian | 1000 |
| 12 | Sri. K.P. Paulose | 500 |
| 13 | Sri. Sabu A. John | 1000 |
| 14 | Smt. Santha Philipose | 500 |
| 15 | Sri. A.A. Abraham | 500 |
| 16 | Sri. Vinoy Thomas | 500 |
| 17 | Sri. Varghese C.A. | 1000 |
| 18 | Sri. Saju Peter | 500 |
| 19 | Smt. Sheela Mohan | 500 |
| 20 | Smt. Sunitha Kuriakose | 500 |
| 21 | Smt. Mariamma George | 500 |
| 22 | Sri. Arun A Raj | 1000 |
| 23 | Sri. James Thomas | 1000 |
| 24 | Smt. Ruby Ravi | 500 |
| 25 | Sri. Suresh Mathew | 500 |
| 26 | Sri. Sunil Mathew | 500 |
| 27 | Sri. James M.P. Vadavukodu | 500 |
| 28 | Sri George Peter | 1000 |
| 29 | Sri. Keerthi Kurian | 500 |
| 30 | Sri. Thambi Thomas | 2000 |
| | **Total** | **Rs.21,950** |

**നമ്മുടെ പേട്രൺ തിരുമേനി പാമ്പാക്കുടയിൽ ആരംഭിക്കുന്ന അനാഥമന്ദിരത്തിന് കണ്ടനാട് ഭദ്രാസനത്തിൽപ്പെട്ട കുടുംബാംഗങ്ങൾ നൽകിയ വ്യക്തിഗത സംഭാവന**

| | | |
|---|---|---|
| 1 | Sri. Elias Abraham | 23000 |
| 2 | Dr. A.C. Paul | 10000 |
| 3 | Sri. Sherin Baby | 10000 |
| 4 | Sri. Avira Varghese | 5000 |
| 5 | Sri. Saji John | 5000 |
| 6 | Sri. Mohandas K.V. | 5000 |
| 7 | Sri. Chacko A. Alunkal | 3000 |
| 8 | Adv. Abraham Peter | 2500 |
| 9 | Sri. Sabu John | 2500 |
| 10 | Smt. Sanuba Kurian | 2000 |
| 11 | Sri. Saju John | 2000 |
| 12 | Sri. Paul Mathew | 2000 |
| 13 | Sri. Saju Peter | 1000 |
| 14 | Sri. Babu Kavanal | 1000 |
| 15 | Sri. A.A. Abraham | 1000 |
| | **Total** | **Rs.75,000** |

## ശ്രീ അവിര വർഗ്ഗീസ്

(PERSONAL PROFILE)



ആലുങ്കൽ തുരുത്തേൽ (പുത്തൻപുരയിൽ)ശ്രീ എ.എ. അവിരായുടേയും ശ്രീമതി ശോശാമ്മയുടേയും ഇളയ പുത്രനായി 26/09/1944ൽ ജനിച്ചു. കണ്ടനാട് പ്രാഥമീക വിദ്യാഭ്യാസാനന്തരം തൃപ്പൂണിത്തുറ SBHSൽചേർന്ന് ഹൈസ്കൂൾ പഠനം പൂർത്തിയാക്കി തുടർന്ന് 1967-68ൽ കണ്ണൻദേവൻ കമ്പനിയിലും 1969 മുതൽ റബർ ബോർഡിലും സേവനം അനുഷ്ഠിച്ചു. 2004ൽ വിരമിക്കുമ്പോൾ അദ്ദേഹം സെക്ഷൻ ഓഫീസർ ആയിരുന്നു.

മുളന്തുരുത്തി പാവൂടത്ത് ശ്രീ അബ്രഹാമിന്റേയും ശ്രീമതി അന്നക്കുട്ടിയുടേയും മകളായ ലില്ലിയെ 1975ൽ വിവാഹം കഴിച്ചു. വർഗ്ഗീസ് കുട്ടി-ലില്ലി ദമ്പതികളുടെ ഭവനം ഫെല്ലോഷിപ്പിന്റെ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. 1996ൽ അവിടെ ചേർന്ന ആദ്യത്തെ പൊതുയോഗംതന്നെ ഇതിന്റെ ഉത്തമ ഉദാഹരണമാണ്. ഫെല്ലോഷിപ്പിന്റെ Registered Office ഈ ഭവനം തന്നെയാണ്. സംഘടനയുടെ ആദ്യകാല ട്രഷറർ എന്നനിലയിൽ പ്രവൃത്തിച്ച ശ്രീ അവിര വർഗ്ഗീസ് തുടർന്ന് Vice-President, Sr.Vice-President എന്നീ നിലകളിലും 2014ൽ Executive President എന്ന നിലയിലും സേവനം അനുഷ്ടിക്കുന്നു. അദ്ദേഹം ഇപ്പോൾ ഫെല്ലോഷിപ്പിന്റെ ഒരു Patron Member കൂടിയാണ്. പൂർണ്ണപിന്തുണയും സഹകരണവും നൽകിക്കൊണ്ട് ശ്രീമതി ലില്ലി ഫെല്ലോഷിപ്പിന്റെ ജനറൽ സെക്രട്ടറിപദം അലങ്കരിക്കുന്നു.

വർഗ്ഗീസ്കുട്ടി - ലില്ലി ദമ്പതികളുടെ ഏകമകൾ ജിഷയെ വിവാഹം ചെയ്തിരിക്കുന്നത് Harrison Malayalam Company യുടെ Chief Marketing Manager ആയ ശ്രീ ജോബ്സി തോമസ്സ് ആണ്. ജിഷ-ജോബ്സി ദമ്പതികളുടെ മക്കളായ മേഗ്നയും, നൈനയും അനുഗ്രഹീത കലാ പ്രതിഭകളാണന്ന് കുടുംബാംഗങ്ങൾക്കെല്ലാം അനുഭവമുണ്ടല്ലോ.

വർഗ്ഗീസ്കുട്ടിക്കും, ലില്ലിക്കും, മക്കൾക്കും, പേരക്കുട്ടികൾക്കും ആയുരാരോഗ്യങ്ങളും, എല്ലാവിധ മംഗളങ്ങളും ആശംസിക്കുന്നു.

## വി: കുർബ്ബാനയിൽ വിശ്വാസിയ്ക്കുള്ള പങ്ക്

*പോൾമാത്യു*

പള്ളിമണി കേൾക്കുമ്പോൾ വി: ആരാധനയ്ക്കായി കർത്താവ് നമ്മെ വിളിക്കുന്നു എന്ന സത്യം ഉൾക്കൊണ്ട് നാം പള്ളിയിൽ എത്തിച്ചേരേണ്ടതാണ്. പുരോഹിതൻ പള്ളിയിൽ വരുമ്പോൾ തന്നെ യഥാർത്ഥത്തിൽ വിശ്വാസികളുടെ സമൂഹവും എത്തിച്ചേരണം. പട്ടക്കാരനോടുകുടി യാമ പ്രാർത്ഥനയിലും, മൂന്നാം മണി, ആറാം മണി പ്രാർത്ഥനകളിലും സംബന്ധിക്കണം. പട്ടക്കാരൻ "ശുബ്ക്കോനൊ" ചോദിച്ച് മദ്ബഹയിൽ പ്രവേശിക്കുന്നതിനു മുൻപായിതന്നെ വഴിപാടുകുർബ്ബാനയ്ക്കുള്ള പേരുകൾ, വാങ്ങിപോയവരുടെ കുർബ്ബാനക്കുള്ള പേരുകൾ എന്നിവ ഏല്പിച്ചിരിക്കണം. പട്ടക്കാരൻ വി: ത്രോണോസിൽ പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധ റൂഹായുടെയും നാമത്തിൽ നമുക്കുവേണ്ടി പ്രാർത്ഥിച്ച് സ്ലീബാ വരയ്ക്കും. പട്ടക്കാരൻ കൈമലർത്തി ശുബ്ക്കോനൊ (സമാധാനം) ചോദിയ്ക്കുമ്പോൾ വിശ്വാസികളായ നമ്മൾ പ്രതിവാക്യമായി "കർത്താവ് അങ്ങയുടെ പ്രാർത്ഥന കേട്ട് ബലിയിൽ പ്രീതിപ്പെടുകയും അങ്ങയുടെ കുർബ്ബാന സ്വീകരിച്ച് അവിടുത്തോടൊപ്പം ഞങ്ങളേയും അതിൽ സംബന്ധിപ്പിയ്ക്കുമാറാക്കണമേ" എന്ന് പ്രാർത്ഥിക്കേണ്ടതുമാണ്.

പഴയ നിയമ പ്രകാരം അബ്രഹാം യിസ്സഹാക്കിനെ ബലികഴിയ്ക്കുവാൻ കൊണ്ടുപോയതിനെ അനുസ്മരിച്ചുകൊണ്ടാണ് "ഒരുക്കശുശ്രൂഷ" തുടങ്ങുന്നത്. ഈ സമയത്ത് 'വെളിവുനിറഞ്ഞോരീശോ' എന്ന ഗാനം ആലപിയ്ക്കുകയും വി. മദ്ബഹായിൽ മെഴുകുതിരി കത്തിയ്ക്കുകയും ചെയ്യുന്നു. പ്രത്യേക പ്രാർത്ഥനകൾക്കായി പേരുനൽകിയവരെ ഓർത്ത് പട്ടക്കാരൻ ത്രോണോസിനുമുൻപിൽ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വി: കുർബ്ബാനയിൽ പങ്കെടുക്കുക എന്നു പറഞ്ഞാൽ വി: ബലിയിൽ നമ്മൾ ഭയഭക്തിപൂർവ്വം സംബന്ധിച്ച് അതിൽ ഭാഗഭാക്കാകുകയും നാം തന്നെ ബലി വസ്തുവായിതന്നെ തീരുകയും വേണം. പ്രതി വാക്യങ്ങൾ പറയേണ്ടസമയത്ത് പറഞ്ഞും ഗീതങ്ങൾ ആലപിക്കേണ്ട സമയത്ത് ആലപിച്ചും ഭക്തിപൂർവ്വം സംബന്ധിക്കണം. വി. കുർബ്ബാന കർത്താവിനെ കുറിച്ചുള്ള സുവിശേഷമാണ് കർത്താവ് ജീവിച്ചിരുന്ന കാലഘട്ടത്തെ ഇന്നിലേയ്ക്ക് കൊണ്ടുവരുന്ന അനുഭവമാണ് വി: ബലിയിലൂടെ നമുക്ക് ലഭിയ്ക്കുന്നത്.

(തുടരും)